**"ഭരണഭാഷ-മാതൃഭാഷ"**

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തസ്വഭവ - ലോക്കൽ ഇൻഫ്രാസ്ട്രക്ചർ
ഡവലപ്മെന്റ് &എഞ്ചിനീയറിംഗ് വിംഗ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website : www.celsgd.kerala.gov.in

നം. ഇ.12/11316/2020/സിഇ/എൽ.ഐ.ഡി&ഇ.ഡബ്ല്യു    തീയതി: 02/02/2021

## സർക്കുലർ

വിഷയം:- തസ്വഭവ - ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ് - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ടാറിംഗ് പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരൻ ടാറിന്റെ ഒറിജിനൽ ബിൽ സമർപ്പിക്കുന്നതു സംബന്ധിച്ച്.

*****

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ടാറിംഗ് പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരൻ ടാറിന്റെ ഒറിജിനൽ ബില്ലുകൾ പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ പ്രവൃത്തികൾക്കായി ഒരേ ബിൽ പ്രകാരം ടാർ വാങ്ങുന്ന സാഹചര്യത്തിൽ ഹാജരാക്കുന്ന ഒറിജിനൽ ടാർ ബില്ലിൽ ഏതു പ്രവൃത്തിക്കു വേണ്ടിയാണോ ടാർ ബിൽ ഹാജരാക്കിയത് എന്ന കാര്യം എഴുതി ആയതിന് ആവശ്യമായ ടാറിന്റെ അളവും തൂക്കവും രേഖപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സർട്ടിഫൈ ചെയ്ത ശേഷം ആ ഒറിജിനൽ ബില്ലിന്റെ പകർപ്പെടുത്ത് സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഫയലിൽ വയ്ക്കുകയും ഒറിജിനൽ ബിൽ ശേഷിക്കുന്ന ടാർ പ്രവൃത്തികൾക്കായി കരാറുകാരന് തിരികെ കൊടുക്കാവുന്നതാണ്. അല്ലാത്ത പക്ഷം ടാർ ബിൽ വ്യാപകമായി ദുരുപയോഗം ചെയ്യാനും മറ്റു സ്ഥാപനങ്ങളിലെ പ്രവൃത്തികൾക്ക് ഉപയോഗിക്കാനും സാധ്യതയുണ്ട്. കരാറുകാരൻ ഒറിജിനൽ ബില്ലുകൾ സമർപ്പിക്കുന്നു എന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

**ചീഫ് എഞ്ചിനീയർ**

എസ്കെ/-